**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3843** **27-06-2024 - ൽ മറുപടിയ്ക്ക്**

**കാലിത്തീറ്റ ഉൽപാദനത്തിൽ സ്വയം പര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ്,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കന്നുകാലി കർഷകരുടെ ആവശ്യത്തിനു വേണ്ട കാലിത്തീറ്റ സംസ്ഥാനത്തു തന്നെ ഉല്പാദിപ്പിക്കാൻ കഴിയുന്നുണ്ടോ; | (എ) | കാലിത്തീറ്റ ഉല്പാദിപ്പിക്കുന്നതിനാവശ്യമായ അസംസ്കൃത വസ്തുക്കൾക്ക് അന്യ സംസ്ഥാനങ്ങളെയാണ് കേരളം ആശ്രയിക്കുന്നത്.<br><br>ക്ഷീരകർഷകർക്ക് സമീകൃത കാലിത്തീറ്റയുടെ ലഭ്യത ഉറപ്പുവരുത്തി പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി പ്രതിദിനം 320 മെട്രിക് ടൺ വീതം ഉൽപ്പാദന ശേഷിയുള്ള രണ്ട് കാലിത്തീറ്റ ഫാക്ടറികൾ പട്ടണക്കാട്ടും മലമ്പുഴയിലുമായി മിൽമയ്ക്ക് കീഴിൽ പ്രവർത്തിക്കുന്നുണ്ട്.<br><br>ക്ഷീരകർഷകർക്ക് മിതമായ വിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കുന്നതിനു വേണ്ടി കേരള ഫീഡ്സിന് തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകരയിൽ പ്രതിദിനം 650 മെട്രിക് ടൺ ഉത്പാദന ശേഷിയുള്ള ഒരു കാലിത്തീറ്റ ഫാക്ടറിയും, കൊല്ലം ജില്ലയിലെ കരുനാഗ പള്ളിയിൽ പ്രതിദിനം 300 മെട്രിക് ടൺ ഉത്പാദന ശേഷിയുള്ള ഒരു കാലിത്തീറ്റ ഫാക്ടറിയും, കോഴിക്കോട് ജില്ലയിലെ തിരുവാങ്ങൂരിൽ പ്രതിദിനം 300 aisles ടൺ ഉത്പാദന ശേഷിയുള്ള ഒരു കാലിത്തീറ്റ ഫാക്ടറിയും, ഇടുക്കി ജില്ലയിലെ തൊട്ടുപുഴ യ്ക്കടുത്ത് അരിക്കുഴയിൽ പ്രതിദിനം 500 മെട്രിക് ടൺ ഉത്പാദന ശേഷിയുള്ള ഒരു കാലിത്തീറ്റ ഫാക്ടറിയും പ്രവർത്തിച്ചു വരുന്നുണ്ട്. നിലവിലെ കേരള ഫീഡ്സി ന്റെ പ്രതിദിന കാലിത്തീറ്റ ഉത്പാദനശേഷി 750 മെട്രിക് ടൺ ആണ്. |
| (ബി) | കാലിത്തീറ്റ ഉല്പാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ; | (ബി) | ഗുണമേന്മയുള്ള കാലിത്തീറ്റ മിതമായ നിരക്കിൽ സുലഭമായി ലഭ്യമാക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. സംസ്ഥാനത്തിനുള്ളിൽ വിപണനം ചെയ്യുന്ന കാലിത്തീറ്റയുടെ ഗുണനിലവാരം നിയമപരമായി ഉറപ്പു വരുത്തുന്നതിന് സർക്കാർ കാലിത്തീറ്റ നിയമം കൊണ്ടു വന്നിട്ടുണ്ട്. ഈ നിയമത്തിലെ വ്യവസ്ഥകൾ |

| | | | |
|---|---|---|---|
| | | | പ്രകാരം ലൈസൻസ് എടുക്കുന്ന ഏത് സ്ഥാപനത്തിനും കേരളത്തിൽ കാലിത്തീറ്റ വിപണനം നടത്തുന്നതിന് സാധിക്കുന്നു.<br><br>ക്ഷീരകർഷകർക്ക് സമീകൃത കാലിത്തീറ്റയുടെ ലഭ്യത ഉറപ്പുവരുത്തി പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി കറവമാടുകൾക്ക് പോഷക സമൃദ്ധമായ കാലിത്തീറ്റയും ബദൽ തീറ്റവസ്തുക്കളും ആവശ്യാനുസരണം മിതമായ വിലയ്ക്ക് മിൽമ വിപണിയിലെത്തിക്കുന്നു.<br><br>കേരളത്തിലെ ക്ഷീരകർഷകർക്ക് ഗുണനിലവാരമുള്ള കാലിത്തീറ്റ ന്യായമായ വിലയ്ക്ക് നൽകാനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട് |
| (സി) | മറ്റു സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | കേരളത്തിലെ കർഷകരുടെ ആവശ്യത്തിനുള്ള കാലിത്തീറ്റ ആഭ്യന്തരമായി ഉല്പാദിപ്പിക്കുവാൻ സാധിക്കാത്തതിനാൽ അന്യസംസ്ഥാനങ്ങളെ ഇതിനായി ആശ്രയിക്കുന്നു. സർക്കാർ നടപ്പിലാക്കിയ കാലിത്തീറ്റ നിയമം പ്രകാരം കേരളത്തിൽ വിൽപ്പന നടത്തുന്ന എല്ലാ കാലിത്തീറ്റകൾക്കും നിയമാനുസൃതമായ ഗുണനിലവാരം ഉണ്ടെന്നും ഇതിനുവേണ്ടിയുള്ള ലൈസൻസ് ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുന്നുണ്ട് .<br><br>ഇതുകൂടാതെ, ക്ഷീര വികസന വകുപ്പിന്റെ സ്റ്റേറ്റ് ഡെയറി ലാബ്, മൂന്ന് മേഖലാതല റീജിയണൽ ലാബുകൾ എന്നിവയിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ